സുരേന്ദ്രൻ എഴുപുന്ന

# പിറന്നാളാഘോഷം



പത്രവിതരണം കഴിഞ്ഞ്  ഓടികിതച്ചാണ് അബു വീട്ടിലെത്തിയത്. ഇന്നെങ്കിലും നേരത്തെ സ്കൂളിലെത്തണം. അവൻ വേഗം കുളിച്ചൊരുങ്ങി പുറപ്പെട്ടു. ജൻമദിനമായതുകൊണ്ട് ക്ലാസ് തുടങ്ങുന്നതിനു മുമ്പ് കൂട്ടുകാർക്ക് മിഠായി കൊടുക്കണം. കഴിഞ്ഞ വർഷം ഒന്നും കൊടുക്കാൻ കഴിഞ്ഞില്ല.

ദുഃഖം അടക്കാനാവാതെ ക്ലാസിലിരുന്ന് കരഞ്ഞ കാര്യം അവനോർത്തു. ബാപ്പയുടെ മരണശേഷം രണ്ടുനേരവും വയറ് നിറയെ





ഷേർഷായുടെ യഥാർത്ഥ പേര്- ഫരീദ്




ഭക്ഷണം കഴിക്കാൻ വളരെയേറെ കഷ്ടപ്പെട്ടിരുന്നു.

ഇപ്പോൾ അബുവിന്റെ ഉമ്മക്ക് ചെറിയൊരു ജോലിയുണ്ട്. അടുത്തൊരിടത്ത് വീട്ടുജോലി. ശമ്പളത്തിന് പുറമെ അൽപസ്വൽപം ആഹാരമൊക്കെ അവിടെ നിന്ന് കിട്ടും. ആ വീട്ടിൽ തലേദിവസം മിച്ചം വന്ന ഭക്ഷണംകൊണ്ട് അബുവും ഉമ്മയും വിശപ്പടക്കും. പത്രവിതരണത്തിന് പോകുന്നതു കൊണ്ട് അബുവിനു ചെറിയ വരുമാനമുണ്ട്. അതുകൊണ്ടാണ് ഇത്തവണ കൂട്ടുകാർക്കുവേണ്ടി മിഠായി വാങ്ങാൻ കഴിഞ്ഞത്.

എന്നാലും മറ്റുകൂട്ടുകാരെപ്പോലെ പുത്തനുടുപ്പണിഞ്ഞ് കേക്ക് മുറിക്കുന്നതും കൂട്ടുകാരുമൊത്ത് പിറന്നാൾ സദ്യ ഉണ്ണുന്നതുമൊക്കെ സ്വപ്നം കാണാനേ കഴിഞ്ഞിരുന്നുള്ളൂ.

“മോനേ, അധ്വാനിച്ചു സമ്പാദിച്ച് ജീവിക്കണം. അർഹതയില്ലാത്തതൊന്നും സ്വന്തമാക്കാൻ ശ്രമിക്കരുത്. ദൈവത്തിന്റെ കണ്ണുകൾ നമ്മുടെ മേൽ എപ്പോഴും ഉണ്ടായിരിക്കുമെന്ന് ഓർമ്മ വേണം.” ബാപ്പയുടെ ഈ വാക്കുകളാണ് ഇപ്പോൾ അവനെ മുന്നോട്ടു നയിക്കുന്നത്. തന്റെ സ്വപ്നങ്ങളൊക്കെ യാഥാർഥ്യമാകുമെന്ന് അവൻ ഉറച്ചു വിശ്വസിച്ചു.

ബെല്ലടിക്കുന്നതിന് മുമ്പായി അബു സ്കൂളിലെത്തി. കൂട്ടുകാർ തിരക്കിട്ട് ക്ലാസ് അലങ്കരിക്കുന്നു! ‘ഹാപ്പി ബെർത്ത് ഡെ ടു അബു’ എന്ന് എഴുതിയ ബാനർ! മേശപ്പുറത്ത് അബുവിന്റെ പേരെഴുതിയ കേക്ക്! ഇതെല്ലാം കണ്ട് അവൻ സ്തംഭിച്ചുനിന്നു. മനസ്സിൽ സന്തോഷം അലതല്ലി.

“മോനേ, അബൂ.... ദൈവത്തിന്റെ മുമ്പിൽ നമ്മളെല്ലാം ഒരുപോലെയാണ്. ഇന്നു മുതൽ നമ്മളൊരുമിച്ചാണ് എല്ലാവരുടെയും പിറന്നാളാഘോഷിക്കുക. ഓരോരുത്തരും അവരവർക്ക് ആകുന്ന വിധം അതിൽ സഹകരിക്കണം.” ടീച്ചർ പറഞ്ഞു.

സന്തോഷം കൊണ്ട് അവന്റെ കണ്ണും മനസ്സും നിറഞ്ഞു.

ഇൻഡിക്ക എന്ന കൃതി എഴുതിയത്- മെഗസ്തനീസ്